"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരളീയ പ്രവാസികാര്യ വകുപ്പ് - പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.രവീന്ദ്രൻ സി. (PEN 284551) -യുടെ നോർക്ക-റൂട്ട്സിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിലെ സെന്റർ മാനേജർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.181/2026/NORKA തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-
1. സ.ഉ.(സാധാ.) നമ്പർ 1988/2023/ജിഎഡി തീയതി 04.05.2023.
2. സ.ഉ.(സാധാ.) നമ്പർ 424/2024/ജിഎഡി തീയതി 10.06.2024.
3. സ.ഉ.(സാധാ.) നമ്പർ 449/2025/ജിഎഡി തീയതി 23.04.2025.
4. നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.03.2026 തീയതിയിലെ റൂട്ട്സ് /701/2023-NRD1 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.രവീന്ദ്രൻ സി.-യെ നോർക്ക-റൂട്ട്സിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിലെ സെന്റർ മാനേജർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (1) പ്രകാരം നിയമിച്ചിരുന്നു. തുടർന്ന് പരാമർശം (2), (3) പ്രകാരം ടിയാന്റെ അന്യത്രസേവന കാലാവധി ഓരോ വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത അന്യത്രസേവന കാലാവധി 14.05.2026-അവസാനിക്കുന്നതിനാൽ 15.05.2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുഭരണ വകുപ്പിലെ സെക്ഷൻ ഓഫീസറായ ശ്രീ.രവീന്ദ്രൻ സി.-യുടെ (PEN 284551) നോർക്ക റൂട്ട്സിന്റെ കോഴിക്കോട് റീജിയണൽ ഓഫീസിലെ സെന്റർ മാനേജർ തസ്തികയിലെ അന്യത്രസേവന കാലാവധി നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി 15.05.2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജിസി ആർ
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ്, തിരുവനന്തപുരം.
ശ്രീ.രവീന്ദ്രൻ സി., സെന്റർ മാനേജർ,നോർക്ക റൂട്ട്സ്, റീജിയണൽ ഓഫീസ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്). കേരള, തിരുവനന്തപുരം.
പൊതുഭരണ (സർവ്വീസസ് ഇ) വകുപ്പ് (05.05.2026 തീയതിയിലെ എസ്.ഇ 4/133/2026/ജി.എ.ഡി.നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Githin. S. V
Date: 07-05-2026 16:31:49

സെക്ഷൻ ഓഫീസർ